പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6161 31.10.2011 ൽ മറുപടിയ്ക്ക്

ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) | വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കാൻ സഹായിക്കുന്ന ജല വൈദ്യുത പദ്ധതികൾ കേന്ദ്ര അനുമതിക്കായി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പദ്ധതികൾ എന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. 4 ജലവൈദ്യുത പദ്ധതികൾ കേന്ദ്ര അനുമതിയ്ക്കായി നല്കിയിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതികൾ ഏതെല്ലാം വർഷങ്ങളിലാണ് കേന്ദ്രാനുമതിക്കുവേണ്ടി സമർപ്പിച്ചിട്ടുള്ളത് ; | (ബി) | 1)അതിരപ്പള്ളി ജലവൈദ്യുതപദ്ധതി 2010 ജനുവരിയിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നൽകിയ കാരണംകാണിക്കൽ നോട്ടീസിനുള്ള മറുപടി (2007 - ൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പ്രസ്തുത പദ്ധതിയ്ക്ക് നൽകിയ പാരിസ്ഥിതിക അനുമതി റദ്ദ് ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ്).<br>2)ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ 8Ha വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്രവനമന്ത്രാലയത്തിന് 2011 - ൽ സംസ്ഥാന സർക്കാർ അഭിപ്രായം തേടി (പ്രസ്തുത പദ്ധതിയ്ക്ക് 1990 - ൽ നൽകിയ അനുമതിപ്രകാരം 8 Ha വനഭൂമി കൈമാറ്റം ചെയ്യാതിരുന്നതിനാണ് അഭിപ്രായം തേടിയത്).<br>3)പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി :- പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ 4.57 Ha ൽ നിന്നും മരം മുറിച്ചുമാറ്റാനുള്ള അപേക്ഷ കേന്ദ്രവനം |

(.........2)

| | | | |
|---|---|---|---|
| | | | മന്ത്രാലയത്തിന് 2011 - ൽ നൽകി.<br>4)അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി:- പ്രസ്തുത പദ്ധതിയ്ക്കുള്ള അന്തിമ പാരിസ്ഥിതിക അനുമതിയ്ക്കുള്ള അപേക്ഷ 2011 - ൽ കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന് നൽകി. പ്രസ്തുത പദ്ധതിയ്ക്ക് ഒന്നാംഘട്ട പാരിസ്ഥിതിക അനുമതി 2008 - ൽ ലഭിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്രാനുമതിക്ക് സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ ആകെ ഉല്പാദന ലക്ഷ്യം എത്രയാണ് ; | (സി) | 224.50 MW |
| (ഡി) | അനുമതി ലഭിക്കാത്ത പദ്ധതികൾക്ക് അനുമതി നൽകാതിരിക്കാൻ കേന്ദ്ര ഗവൺമെന്റ് പറയുന്ന അഭിപ്രായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ഡി) | സംസ്ഥാനത്ത് വിഭാവനം ചെയ്തിരിക്കുന്ന ജലവൈദ്യുത പദ്ധതികളെല്ലാം പശ്ചിമഘട്ട വനമേഖലകളിലാണ്. ആയതിനാൽ പദ്ധതികൾ നടപ്പാക്കുമ്പോൾ ജൈവവൈവിധ്യ സമ്പത്തിന് ആഘാതം ഉണ്ടാകും എന്ന അഭിപ്രായമാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഉന്നയിക്കുന്നത്. |

സെക്ഷൻ ഓഫീസർ